**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-നഗരകാര്യം-സംസ്ഥാനത്തെ നഗരസഭകളിൽ ഒഴിവുള്ള ഹെൽത്ത് ഓഫീസർ/മെഡിക്കൽ ഓഫീസർ തസ്തികകളിലേയ്ക്ക് കരാർ നിയമനം നടത്തുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ(സാധാ) നം.2039/2019/തസ്വഭവ തിരുവനന്തപുരം,തീയതി,20.09.2019

=====================================================================

പരാമർശം:- 1. 30.008.2018-ലെ സ.ഉ(സാധാ) നം.2326/18/എൽ.എസ്.ജി.ഡി.

2. നഗരകാര്യ ഡയറക്ടറുടെ 28.06.2019 തീയതിയിലെ ഇ.5-19372/2018 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ നഗരസഭകളിൽ ഒഴിവുള്ള ഹെൽത്ത് ഓഫീസർ/മെഡിക്കൽ ഓഫീസർ തസ്തികകളിലേയ്ക്ക് കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിലെ നിർദ്ദേശാനുസരണം കമ്മിറ്റി രൂപീകരിച്ച്, അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള പത്രപരസ്യം നല്കി 24.06.2019-ന് 'വാക്ക് ഇൻ ഇന്റർവ്യൂ' നടത്തിയതിൽ 8 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയുണ്ടായിയെന്നും ചുവടെ ചേർക്കുന്ന ടി ഉദ്യോഗാർത്ഥികൾക്ക് അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന നഗരസഭകളിൽ നിയമനം നൽകാവുന്നതാണ് എന്നും നഗരകാര്യ ഡയറക്ടർ പരാമർശം രണ്ട് പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഉദ്യോഗാർത്ഥിയുടെ പേര് | നിയമനം നല്കാവുന്ന നഗരസഭ |
|---|---|---|
| 1 | ഡോ. ലക്ഷ്മി എൻ.വി<br>ഞാലൂപ്പാടി ഹൗസ്<br>റായമംഗലം പി.ഒ.<br>കുറുപ്പമ്പാടി,<br>എറണാകുളം-683545 | തൃശ്ശൂർ |
| 2 | ഡോ. ബെറ്റ്സി ആനി ഫിലിപ്പ്<br>പട്ടത്തിൽ ഹൗസ്,<br>മണ്ണന്തല<br>തിരുവനന്തപുരം-695015 | തിരുവനന്തപുരം |
| 3 | ഡോ.അഭിഷേക് എസ്.വി.<br>വാത്സല്യം, മനാക്കുന്ന്,<br>ആലത്തറ, ശ്രീകാര്യം പി.ഒ<br>തിരുവനന്തപുരം-695017 | കൊച്ചി |
| 4 | ഡോ. മൈഥിലി പി.എസ്.<br>റ്റി.സി.6/440/(3)<br>ഹൗസ് നം. 231<br>മുളമൂട് ലെയ്ൻ,<br>സരസ്വതി വിദ്യാലയത്തിന് സമീപം,<br>തിരുവനന്തപുരം- 695013 | കോട്ടയം |
| 5 | ഡോ. നിഖിൽ ജ്യോതി എൻ.കെ<br>'കൽപ്പന' | ആലപ്പുഴ |

| | | |
|---|---|---|
| | വഞ്ചുവം, ചുള്ളിമാനൂർ പി.ഒ<br>നെടുമങ്ങാട്,<br>തിരുവനന്തപുരം-695541 | |
| 6 | ഡോ. അഖിൽ എ.ബി.<br>ബിന്ദു നിവാസ്, വെല്ലൂർക്കോണം,<br>കടുവായിൽ<br>ആറ്റിങ്ങൽ പി.ഒ 695101 | കണ്ണൂർ |
| 7 | ഡോ. സമീർ എസ്. എൻ.<br>എസ്.എൻ മൻസിൽ<br>വാലികോട്, നെടുമങ്ങാട് പി.ഒ.<br>തിരുവനന്തപുരം-695541 | പാലക്കാട് |
| 8 | ഡോ. അമ്മു ശ്രീകുമാർ<br>ഹൗസ്. നം. 659<br>പ്രശാന്ത് നഗർ, ഉള്ളൂർ<br>മെഡിക്കൽ കോളേജ് പി.ഒ<br>തിരുവനന്തപുരം-11 | തലശ്ശേരി |

2. കൂടാതെ മേൽ പരാമർശിച്ച ഉദ്യോഗാർത്ഥികളെ ടി നഗരസഭകളിൽ നിയമിക്കപ്പെടുന്ന പക്ഷം, കോഴിക്കോട് കോർപ്പറേഷൻ ഹെൽത്ത് ഓഫീസറുടെ കീഴിൽ 7 ദിവസത്തെ പരിശീലനത്തിനുശേഷം അതാത് നഗരസഭകളിൽ ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകാവുന്നതാണ് എന്നും നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സൂചിപ്പിച്ച 8 ഉദ്യോഗാർത്ഥികൾക്ക് കോഴിക്കോട് കോർപ്പറേഷൻ ഹെൽത്ത് ഓഫീസറുടെ കീഴിൽ 7 ദിവസത്തെ പരിശീലനം നൽകിയ ശേഷം അവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന നഗരസഭകളിൽ പരാമർശം ഒന്നിലെ വ്യവസ്ഥകൾക്ക് വിധേയമായി കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജെയ്സി പോൾ**

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ